**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1585** **15-03-2022 - ൽ മറുപടിയ്ക്ക്**

**തിരൂർ വെറ്റില കർഷകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൗമസൂചികാ പദവിയിൽ ഉൾപ്പെട്ട ഉത്പന്നങ്ങൾ ഏതൊക്കെയാണ്; ഉത്പന്നങ്ങൾക്ക് ഈ പദവി ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏന്തൊക്കെയാണ്; | (എ) | സംസ്ഥാനത്തു ഭൗമ സൂചിക ലഭിച്ചിട്ടുള്ള കാർഷികോത്പന്നങ്ങൾ 1. പൊക്കാളി അരി 2. വാഴക്കുളം കൈതച്ചക്ക 3. മധ്യ തിരുവിതാംകൂർ ശർക്കര 4. വയനാട് ജീരകശാല അരി 5. വയനാട് ഗന്ധകശാല അരി 6. കൈപ്പാട് അരി 7. ചെങ്ങാലിക്കോടൻ നേന്ത്രൻ 8. നിലമ്പൂർ തേക്ക് 9. മറയൂർ ശർക്കര 10. തിരൂർ വെറ്റില 11. കുറ്റ്യാട്ടൂർ മാങ്ങ 12. എടയൂർ മുളക് 13. പാലക്കാട് മട്ട അരി 14. ഞവര അരി 15. ആലപ്പുഴ ഗ്രീൻ ഏലം 16. മലബാർ കുരുമുളക് 17. വയനാട് റോബസ്റ്റ കോഫി 18. മൺസൂൺഡ് മലബാർ അറബിക്ക കോഫി 19. മൺസൂൺഡ് മലബാർ റോബസ്റ്റ കോഫി മറ്റുൽപന്നങ്ങൾ A) ആറന്മുള കണ്ണാടി B) ആലപ്പുഴ കയർ C) പാലക്കാടൻ മദ്ദളം D) തഴപ്പായ E) ബ്രാസ് ബ്രോയ്ഡ്രെഡ് കോക്കനട്ട് ഷെൽ ക്രാഫ്റ്റ് F) കണ്ണൂർ ഹോം ഫർണിഷിങ് G) ബാലരാമപുരം സാരിയും കോട്ടൺ ഫാബ്രിക്സും H) കാസർഗോഡ് സാരി I) കുത്തമ്പുള്ളി സാരി J) പയ്യന്നൂർ പവിത്ര മോതിരം K) ചേന്ദമംഗലം മുണ്ടും സെറ്റും മുണ്ടും L) കുത്തമ്പുള്ളി മുണ്ടും സെറ്റും മുണ്ടും M) കരുനാഗപ്പള്ളി തഴപ്പായ N) കോക്കനട്ട് ഷെൽ കരകൗശല വസ്തുക്കൾ ഉത്പന്നങ്ങൾക്ക് ഈ പദവി ലഭിക്കാനുള്ള നടപടിക്രമങ്ങൾ യോഗ്യമായ ഉത്പന്നങ്ങൾ കണ്ടെത്തൽ : ഗുണമേന്മ, ഉത്പാദക പ്രക്രിയയിലെ മാനുഷിക ഘടകങ്ങൾ, പ്രദേശത്തെ കാലാവസ്ഥ, ഭൂപ്രകൃതി എന്നിവയുടെ സവിശേഷതകൾ എന്നിവ മൂലം ഉൽപ്പന്നത്തിന് സവിശേഷതകളുണ്ടെങ്കിൽ ഭൗമസൂചിക പദവിക്ക് അപേക്ഷിക്കാം. ഗുണമേന്മ വിലയിരുത്തൽ : ഉല്പന്നത്തിന്റെ ബാഹ്യമായ പ്രത്യേകതകൾ ബയോകെമിക്കൽ സവിശേഷതകൾ എന്നിവ നിർണ്ണയിച്ചു രേഖപ്പെടുത്തുന്നു. ഡോക്യുമെന്റ് തയ്യാറാക്കൽ : ഉല്പന്നത്തിന്റെയും ഭൂപ്രദേശത്തിന്റെയും സവിശേഷത, ഉത്പന്നം, കൃഷി |

| | | | |
|---|---|---|---|
| | | | രീതികൾ എന്നിവയുടെ വിവരണം, ചരിത്രം, പരിശോധനാ വിഭാഗം എന്നിവ രേഖപ്പെടുത്തി അപേക്ഷ തയ്യാറാക്കുന്നു. പ്രൊഡ്യൂസേഴ്സ് സൊസൈറ്റി രൂപീകരണവും രജിസ്ട്രേഷനും : അപേക്ഷ സമർപ്പണം : സവിശേഷത, വിവരണം, ചരിത്രം, കൃഷി രീതികൾ, പരിശോധനാ വിഭാഗം മുതലായവ, അപേക്ഷകരുടെ വിവരം, ഉല്പാദക സംഘങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സ്റ്റേറ്റ്മെന്റ് ഓഫ് കേസ് കൃഷി ചെയ്യുന്ന പ്രദേശം ഉൾപ്പെടുത്തിയ ഭൂപടം, സത്യവാങ്മൂലം, ലോഗോ എന്നിവ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നു. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ : നിർദിഷ്ട ഫീസ് അടച്ച ഡിഡി ചേർത്ത് GI രജിസ്ട്രി ചെന്നൈയിൽ അപേക്ഷ സമർപ്പിക്കണം. തുടർന്ന് എക്സാമിനറുടെ പ്രാഥമിക പരിശോധന, ന്യൂനതകൾ പരിഹരിക്കൽ എന്നിവയ്ക്ക് ശേഷം രജിസ്ട്രാർ ഓഫ് GI മുൻപാകെ അപേക്ഷ സമർപ്പിക്കുന്നു. അതേ തുടർന്ന് കൺസൾറ്റീവ് ഗ്രൂപ്പിന്റെ പരിശോധനാ റിപ്പോർട്ട് മാറ്റങ്ങൾ/ പരിഹാര നടപടികൾ എന്നിവ തൃപ്തികരമായി പൂർത്തിയാകുമ്പോൾ GI ജേർണലിൽ പ്രസിദ്ധീകരിക്കുന്നു. തുടർന്ന് ഭേദഗതി ഒന്നും ഉയർന്നില്ലെങ്കിൽ അപേക്ഷ സ്വീകരിച്ച് ഭൗമസൂചിക പദവി നൽകുന്നു. |
| (ബി) | ഭൗമസൂചികാ പദവിയിൽ ഉൾപ്പെട്ട കാർഷിക ഉത്പന്നങ്ങൾ കൃഷിചെയ്യുന്ന കർഷകർക്ക് എന്തൊക്കെ പ്രത്യേക ആനുകൂല്യങ്ങൾ/ സഹായങ്ങൾ ലഭിയ്ക്കുന്നുണ്ട്; | (ബി) | ഉല്പാദകർക്ക് തനത് ഉത്പന്നങ്ങളുടെ മേൽ നിയമപരമായ സംരക്ഷണം ലഭിക്കുന്നു. രജിസ്റ്റർ ചെയ്യപ്പെട്ട ഭൗമ സൂചകം മറ്റാരെങ്കിലും അനധികൃതമായി ഉപയോഗിക്കുന്നത് തടയനാകും. ഗുണമേന്മ ഉറപ്പാക്കുന്നതിനാൽ മെച്ചപ്പെട്ട വിപണി ലഭിക്കുന്നു. അതിനാൽ തന്നെ തനതായ ഉത്പന്നങ്ങളുടെ പരിപോഷണം സാധ്യമാകുന്നു. ഇതര രാജ്യങ്ങളിൽ ഉത്പന്നങ്ങൾക്ക് നിയമ സംരക്ഷണം ലഭിക്കണമെങ്കിൽ മാതൃ രാജ്യത്തിൽ ഭൗമ സൂചകമായി സംരക്ഷിക്കപ്പെടണം. |
| (സി) | തിരൂർ വെറ്റില ഭൗമസൂചികാ പദവിയിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇത് കൃഷി ചെയ്യുന്ന കർഷകർക്ക് എന്തൊക്കെ സഹായങ്ങൾ നൽകുന്നുണ്ട്; ഏതെല്ലാം പ്രദേശത്തെ തിരൂർ വെറ്റില കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിയ്ക്കുന്നുണ്ട്; | (സി) | തിരൂർ വെറ്റില നിലവിൽ കൃഷി ചെയ്യുന്നവർക്ക് ഒരു ക്ലസ്റ്ററിനു 250/- രൂപയും പുതിയതായി കൃഷി തുടങ്ങുന്നവർക്ക് ഒരു ക്ലസ്റ്ററിന് 500/- രൂപയും നൽകുന്നതിന് കൃഷി വകുപ്പ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വേങ്ങര, മലപ്പുറം, തിരൂരങ്ങാടി, താനൂർ, തിരൂർ, കുറ്റിപ്പുറം എന്നീ ബ്ലോക്കുകളിലെ കർഷകർക്കാണ് ഭൗമസൂചിക പദവിയുടെ പ്രയോജനം ലഭിക്കുക. |
| (ഡി) | മങ്കട ബ്ലോക്ക് പഞ്ചായത്തിലെ തിരൂർ വെറ്റില കർഷകർക്ക് ഈ പദവിയുടെ ആനുകൂല്യം ലഭിയ്ക്കുന്നില്ലെന്ന പരാതികൾ | (ഡി) | മലപ്പുറം ജില്ലയിലെ വേങ്ങര, മലപ്പുറം, തിരൂരങ്ങാടി, താനൂർ, തിരൂർ, കുറ്റിപ്പുറം എന്നീ ബ്ലോക്കുകളിലെ കർഷകർക്കാണ് ഭൗമസൂചിക പദവിയുടെ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രദേശത്തെ കർഷകർക്ക് കൂടി ഭൗമസൂചികാ പദവിയുടെ ആനുകൂല്യം ലഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | പ്രയോജനം നിലവിൽ ലഭ്യമാകുന്നത്. മങ്കട ബ്ലോക്ക് പഞ്ചായത്തിലെ കർഷകർക്കു കൂടി ഭൗമസൂചിക പദവിയുടെ പ്രയോജനം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ